# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 538** — **24.07.2015-ലെ മറുപടിക്ക്**

## മെഡിക്കൽ/ഡെന്റൽ കൗൺസിലിന്റെ അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ.എൻ.എ.ഖാദർ | (ശ്രീ. വി.എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കൗൺസിൽ, ഡെന്റൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നഷ്ടമാകുന്നതുമൂലം സംസ്ഥാനത്തെ ഏതെങ്കിലും കോളേജുകളിൽ സീറ്റ് നഷ്ടമാകുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സീറ്റുകൾ നഷ്ടമാകുന്ന സ്ഥിതിയില്ല. എന്നാൽ ഈ അദ്ധ്യയന വർഷം ആലപ്പുഴ ഡെന്റൽ കോളേജിൽ റിന്യൂവലിനും തൃശ്ശൂർ ഡെന്റൽ കോളേജിൽ പുതുതായും പ്രവേശനത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും അനുമതി പത്രം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കോളേജുകളിലെ 100 സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുവാൻ കഴിയുന്നതാണ്. ഈ വർഷത്തെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരുന്ന 14 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 6 കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) സംസ്ഥാനത്ത് എല്ലാ കോളേജു-കളിലും കൂടി എത്ര സീറ്റുകളാണ് ഓരോ വിഭാഗത്തിലും ഉള്ളത് എന്നതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; | (ബി)സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എം.ബി.ബി.എസ്-ന് 1150 സീറ്റുകളും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിൽ 100 സീറ്റുകളും ഉണ്ട്. ഡെന്റൽ കോളേജുകളിൽ ആകെ 190 സീറ്റുകളാണുള്ളത്. സ്വാശ്രയ |

മേഖലയിൽ മെഡിക്കൽ വിഭാഗത്തിൽ 1600 സീറ്റും ഡെന്റൽ മേഖലയിൽ 1300 സീറ്റും ഉണ്ട്. പരിയാരം മെഡിക്കൽ കോളേജിൽ 100 മെഡിക്കൽ സീറ്റും 60 ഡെന്റൽ സീറ്റും നിലവിലുണ്ട്.

(സി) മെഡിക്കൽ, ഡെന്റൽ കൗൺസിലുകളുടെ പ്രതികൂല ഇടപെടൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾക്ക് നിർദ്ദേശം നൽകുമോ?

(സി). അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിക്കുകയും വഴി കൗൺസിലുകളുടെ അനുമതി ഉറപ്പാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ